LIBRARY ARCHIVES Kerala Legislative Assembly

കൊയിലാണ്ടി—താമരശ്ശേരി റൂട്ടിൽ കൂടുതൽ ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് നടപടി

126 [3135] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താമരശ്ശേരി റൂട്ടിൽ കെ. എസ്. ആർ. ടി. സി.-യുടെ എത്ര ബസ്സുകൾ എത്ര ട്രിപ്പ് വീതം സർവ്വീസ് നടത്തുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത റൂട്ടിൽ കൂടുതൽ ബസ്സുകൾ സർവ്വീസ് നടത്തുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ കോർപ്പറേഷന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) കൊയിലാണ്ടി താമരശ്ശേരി റൂട്ടിൽ കെ. എസ്. ആർ. ടി. സി.-യുടെ ആറു സർവ്വീസുകളിലായി 29 ട്രിപ്പുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(ബി) ആവശ്യമുള്ള പക്ഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

വലിയഴീക്കൽ-ആലപ്പുഴ റൂട്ടിലെ വിദ്യാർത്ഥികൾക്ക് കൺസഷൻ

127 [3136] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ വലിയഴീക്കൽ—ആലപ്പുഴ റൂട്ടിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കാത്ത സ്ഥിതി നിലവിലുണ്ടോ;

(ബി) പ്രസ്തുത റൂട്ടിൽ വിദ്യാർത്ഥികൾ രൂക്ഷമായ യാത്രാക്ലേശം അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ റൂട്ടിലെ വിദ്യാർത്ഥികൾക്ക് കൺസഷൻ കാർഡ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വലിയഴീക്കൽ—ആലപ്പുഴ റൂട്ടിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ആലപ്പുഴ—വലിയഴീക്കൽ റൂട്ടിൽ ആലപ്പുഴ ഡിപ്പോയിൽ നിന്നും 4 ഷെഡ്യൂളും, ഹരിപ്പാട് ഡിപ്പോയിൽ നിന്നും ഒരു ഷെഡ്യൂളും നടത്തുന്നു. ഈ റൂട്ടിൽ 135 വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിച്ചിട്ടുണ്ട്. ഇതിനുപരി ഈ റൂട്ടിൽ 11 പ്രൈവറ്റ് ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.